**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **10-06-2024 - ല്‍ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജന്‍** | | **ശ്രീ ജി ആര്‍ അനില്‍**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തില്‍ വിശപ്പ് രഹിത കേരളം പദ്ധതിയ്ക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ; | (എ) | "വിശപ്പ് രഹിത കേരളം" ത്തിന്റെ ഭാഗമായി 'സുഭിക്ഷ', 'സ്നേഹജാലകം' എന്നിങ്ങനെ രണ്ട് പദ്ധതികളാണ് നിലവിലുള്ളത്. പ്രസ്തുത പദ്ധതികള്‍ക്ക് നാളിതുവരെ ലഭ്യമാക്കി യിട്ടുള്ളത് **91,73,123/-** രൂപയാണ്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങള്‍ **അനുബന്ധമായി** ചേര്‍ക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | "വിശപ്പ് രഹിത കേരളം" ത്തിന്റെ ഭാഗമായി 'സുഭിക്ഷ', 'സ്നേഹജാലകം' എന്നിങ്ങനെ രണ്ട് പദ്ധതികളാണ് നിലവിലുള്ളത്. പ്രസ്തുത പദ്ധതികള്‍ക്ക് നാളിതുവരെ ലഭ്യമാക്കി യിട്ടുള്ളത് **91,73,123/-** രൂപയാണ്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങള്‍ **അനുബന്ധമായി** ചേര്‍ക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് മാറി നല്‍കുവാനുള്ള തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ആലപ്പുഴ ജില്ലയില്‍ സുഭിക്ഷ പദ്ധതി പ്രകാരം **2024** മാര്‍ച്ച് മാസത്തില്‍ ചെലവായ **67,245/-** രൂപയും, ഏപ്രില്‍ മാസത്തില്‍ ചെലവായ **69,740/-** രൂപയും, കൂടാതെ സ്നേഹജാലകം പദ്ധതി പ്രകാരം സൗജന്യ ഭക്ഷണം വിതരണം ചെയ്ത വകയില്‍ നാളിതുവരെയായി **22,54,500/-** രൂപയും ചേര്‍ത്ത് ആകെ **23,91,485/-** രൂപ അനുവദിച്ച് നല്‍കുവാനുണ്ട്. ചെലവായ തുക സംബന്ധിച്ച ശുപാര്‍ശ ലഭ്യമാകുന്ന മുറക്ക് ആയതിന്മേല്‍ നടപടി സ്വീകരിക്കുന്നതാണ്. അശരണരായ കിടപ്പ് രോഗികള്‍ക്കും പാലിയേറ്റീവ് രോഗികള്‍ക്കും ഏറെ പ്രയോജനകരമായ പദ്ധതി തുടര്‍ന്നും നടത്തി കൊണ്ട് പോകുന്നതിനുള്ള നടപടികള്‍ കൈക്കൊള്ളുന്നതാണ്. |
| (ഡി) | അശരണരായ കിടപ്പുരോഗികള്‍ക്കും പാലിയേറ്റീവ് രോഗികള്‍ക്കും ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുവാന്‍ നടപടി സ്വീകരിക്കുമോ? | (ഡി) | ആലപ്പുഴ ജില്ലയില്‍ സുഭിക്ഷ പദ്ധതി പ്രകാരം **2024** മാര്‍ച്ച് മാസത്തില്‍ ചെലവായ **67,245/-** രൂപയും, ഏപ്രില്‍ മാസത്തില്‍ ചെലവായ **69,740/-** രൂപയും, കൂടാതെ സ്നേഹജാലകം പദ്ധതി പ്രകാരം സൗജന്യ ഭക്ഷണം വിതരണം ചെയ്ത വകയില്‍ |

| | | | |
|---|---|---|---|
| | | | നാളിതുവരെയായി **22,54,500/-** രൂപയും ചേർത്ത് ആകെ **23,91,485/-** രൂപ അനുവദിച്ച് നൽകുവാനുണ്ട്. ചെലവായ തുക സംബന്ധിച്ച ശുപാർശ ലഭ്യമാകുന്ന മുറക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. അശരണരായ കിടപ്പ് രോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പദ്ധതി തുടർന്നും നടത്തി കൊണ്ട് പോകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **വർഷം** | **തുക** |
|---|---|
| 2018 | 15,51,825/- |
| 2019 | 11,50,495/- |
| 2020 | 14,76,290/- |
| 2021 | 18,31,589/- |
| 2022 | 16,01,084/- |
| 2023 | 12,10,397/- |
| 2024 | 3,51,443/- |
| **ആകെ** | **91,73,123/-** |

**സെക്ഷൻ ഓഫീസർ**